വിവാദങ്ങളും വിമർശനങ്ങളുമില്ലാത്ത ഓണമാണ് പി. ഗോവിന്ദപ്പിള്ളയ്ക്കിത്. ഓണത്തെയും രാഷ്ട്രീയത്തെയും കുടുംബത്തേയുംപറ്റി പി.ജി.യും മകൾ പാർവതിയും.





# പി.ജി.യും ഓണവും

പി. ഗോവിന്ദപ്പിള്ള

രാഷ്ട്രീയയോഗങ്ങളുടെയും യാത്രകളുടെയും തിരക്കുകളിൽനിന്നകന്ന് തിരുവനന്തപുരം സുഭാഷ്നഗറിലെ വീട്ടിൽ ഈ ഓണത്തിന് പേരക്കുട്ടികളായ ഗോവിന്ദിനും തേജസ്വിനിക്കും കല്യാണിക്കുമൊപ്പമുണ്ട് കമ്മ്യൂണിസ്റ്റ് സൈദ്ധാന്തികൻ പി. ഗോവിന്ദപ്പിള്ള. തിമിരശസ്ത്രക്രിയയ്ക്ക് ശേഷമുള്ള വിശ്രമനാളുകളിലാണെങ്കിലും വായനയ്ക്കും എഴുത്തിനും അവധി നൽകിയിട്ടില്ലെന്ന് പി.ജി. എഴുതാനുള്ളതൊക്കെ പറഞ്ഞുകൊടുത്ത് എഴിതിക്കുകയാണിപ്പോൾ.



രാജമ്മ, ആർ. പാർവതി

മുൻപൊന്നും ഓണം ആഘോഷിക്കുന്ന പതിവ് പി.ജി.യുടെ വീട്ടിലുണ്ടായിരുന്നില്ല. കമ്മ്യൂണിസ്റ്റുകാരനായ തനിക്ക് ഓണത്തിനോട് പ്രത്യേകതകളൊന്നുമില്ലെങ്കിലും പേരക്കുട്ടികളൊക്കെ ഓണം ആഘോഷിക്കുന്നതിൽ എതിർപ്പൊന്നുമില്ലെന്ന നിലപാടിലാണ് അദ്ദേഹം."

"കുട്ടിക്കാലത്ത് ഞാനും ഓണം ആഘോഷിച്ചിട്ടുണ്ട്. തൊടികളിൽ പൂവന്വേഷിച്ച് കുട്ടികൾക്കൊപ്പം നടന്നിട്ടുണ്ട്. പൂക്കളമൊരുക്കിയിട്ടുണ്ട്. ഇപ്പോൾ പൂവൊന്നും കിട്ടാനില്ലല്ലോ. കാശുകൊടുത്ത് വാങ്ങേണ്ടേ..." പി.ജി. ചോദിക്കുന്നു. "ഈ മുറ്റത്ത് പൂവിട്ടാലും എനിക്ക് വിരോധമില്ല. ഓണാഘോഷമെല്ലാം ഇപ്പോൾ മാധ്യമാഘോഷമല്ലെ!"

ഓണംപോലുള്ള ഉത്സവങ്ങൾ ആഘോഷിക്കുന്നത് ജനങ്ങളുടെ ഒത്തൊരുമയ്ക്കും പരസ്പരസ്നേഹത്തിനും നല്ലതാണെന്ന് പി.ജി. "എല്ലാത്തരം ഉത്സവങ്ങൾക്കും ഭൗതികവും മതപരവുമായ അടിത്തറ ഉണ്ടായിരിക്കും. വിളവെടുപ്പുമായി ബന്ധപ്പെട്ടതാണ് ഭൗതികമായ അടിത്തറ. ഓണത്തെപ്പോലെ എല്ലാ രാജ്യങ്ങളിലും മാഞ്ഞുപോയ സുവർണ്ണകാലഘട്ടത്തെക്കുറിച്ചുള്ള സുന്ദരസ്വപ്നങ്ങളുണ്ട്. കാലാവസ്ഥയുമായി ബന്ധപ്പെട്ട മറ്റൊരു മുഖവും ഓണത്തിനുണ്ട്. ഓണം ആഘോഷിക്കേണ്ടത് മനുഷ്യപുരോഗതിയുടെ ആവശ്യമാണ്."

കമ്മ്യൂണിസ്റ്റ് കുടുംബമായതിനാൽ ഓണംപോലുള്ള ആഘോഷങ്ങൾ വേണ്ടെന്നുവച്ചിട്ടുണ്ടെന്ന് പി.ജി.യുടെ മകളും മാധ്യമപ്രവർത്തകയുമായ ആർ. പാർവതി. "ഓണത്തിന് അച്ഛൻ വീട്ടിലുണ്ടാകുന്നതുതന്നെ ഇപ്പോഴാണ്. കുട്ടിക്കാലത്ത് അച്ഛനും അമ്മയുമെല്ലാം ഞങ്ങൾക്ക് അമ്മ മാത്രമായിരുന്നു. വീട്ടിൽ അച്ഛൻ വല്ലപ്പോഴുമെത്തുന്ന ഒരു സന്ദർശകനും.

രാവിലെ ഉണരുമ്പോൾ ചുരുട്ടിൻെറ മണം അനുഭവപ്പെട്ടാൽ ഞങ്ങൾ അച്ഛൻ വന്നിട്ടുണ്ടെന്ന് മനസിലാക്കും. കാല്പനികമായ ഒരോണമൊന്നും എനിക്കും ചേട്ടനും (എം.ജി. രാധാകൃഷ്ണൻ) ഉണ്ടായിട്ടേയില്ല."

പാർവതി പറഞ്ഞത് സത്യമാണെന്ന് പി.ജി.യും സമ്മതിക്കുന്നു. "മക്കളുടെ ബാധ്യതകൾ മുഴുവൻ നോക്കിയിരുന്നത് അവരുടെ അമ്മയാണ് (രാജമ്മ). മക്കളുടെ ബാല്യം ഞാൻ കണ്ടറിഞ്ഞിട്ടില്ല. ആ അനുഭവങ്ങൾ ഇന്ന് കൊച്ചുമക്കളിലൂടെ ഞാനറിയുന്നു. ഒരു കാര്യത്തിൽ ആനന്ദമുണ്ട്. പല രാഷ്ട്രീയക്കാരുടെയും മക്കളെ ഇത്തരം അനുഭവങ്ങൾ 'ആൻറി പൊളിറ്റിക്സാ'ക്കി തീർത്തിട്ടുണ്ട്. പക്ഷേ എൻെറ മക്കൾ എന്നെ മനസിലാക്കി.

അച്ഛൻ രാഷ്ട്രീയക്കാരനായതിൻെറ ദുരന്തങ്ങൾ അനുഭവിച്ചിട്ടുള്ളതുകൊണ്ടാകണം രാഷ്ട്രീയത്തിൽ വരണമെന്നു തോന്നിയിട്ടില്ലെന്ന് പാർവതി.

